# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6424** **11/07/2012 ൽ മറുപടിക്ക്**

**ആയുർവേദ ഉല്പന്നങ്ങളുടെ നികുതി നിരക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റ്റി.വി.രാജേഷ്:** | **ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) ആയുർവേദ ഉല്പന്നങ്ങളുടെയും മരുന്നുകളുടെയും നികുതി നിരക്ക് ഇപ്പോൾ എത്ര ശതമാനമാണ്; വിശദാംശം നൽകുമോ;<br><br>ബി) ഈ നികുതി നിരക്ക് എപ്പോൾ മുതലാണ് നിലവിൽ വന്നിട്ടുള്ളത്; ഇതിന് മുൻകാല പ്രാബല്യം നൽകാൻ നടപടി സ്വീകരിക്കുമോ? | എ) & ബി) ഡ്രഗ്സ്, മരുന്നുകൾ,ആയുർവ്വേദ, യുനാനി, ഹോമിയോപ്പതി മരുന്നുകൾ ഉൾപ്പെടെയുള്ളവയെ കേരള മൂല്യവർദ്ധിത നികുതി നിയമത്തിന്റെ മൂന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി അഞ്ചു ശതമാനം നിരക്കാണ് ഈടാക്കി വരുന്നത്. 01/04/2005 മുതൽ ഇവയെ മൂന്നാം ഷെഡ്യൂളിൻ കീഴിൽ തന്നെയാണ് ക്രമീകരിച്ചിരിക്കുന്നത്.<br><br>ധനകാര്യബിൽ 2012 പ്രകാരം ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമം, 1940 അനുസരിച്ച് നൽകിയിട്ടുള്ള ഡ്രഗ്ഗ് ലൈസൻസ് പ്രകാരം നിർമ്മിച്ച ആയുർവേദ കോസ്മെറ്റിക് ഉൽപ്പന്നങ്ങളെ മൂല്യവർദ്ധിത നികുതി നിയമത്തിന്റെ മൂന്നാം ഷെഡ്യൂളിൽ ക്രമ നമ്പർ 27 ആയി കൊണ്ടു വരികയും ആയതിന്റെ നികുതി നിരക്ക് 5% ആയി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എൻട്രിക്ക് 01/04/2012 മുതലാണ് പ്രാബല്യമുള്ളത്.<br><br>ഇതിന് മുൻകാല പ്രാബല്യം നൽകുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ